പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.560 09/07/2012 ൽ മറുപടിയ്ക്ക്

## പുതിയ വില്ലേജുകളുടെ രൂപീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. റ്റി. ജോർജ്<br>,, പാലോട് രവി<br>,, വി. റ്റി. ബൽറാം<br>,, സി. പി. മുഹമ്മദ് | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂ വകുപ്പ്മന്ത്രി) |
| (എ) സംസ്ഥാനത്ത് പുതിയ വില്ലേജുകൾ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. പത്തനംതിട്ട ജില്ലയിൽ സീതത്തോട് ആസ്ഥാനമാക്കി ഒരു പുതിയ വില്ലേജ് രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. |
| (ബി) ഏതു നയത്തിന്റെ ഭാഗമായാണ് പുതിയ വില്ലേജുകൾ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) സംസ്ഥാനത്ത് ഒരു പഞ്ചായത്തിൽ ഒരു വില്ലേജ് ഓഫീസ് എന്ന നയം സർക്കാർ തത്വത്തിൽ സ്വീകരിച്ചിട്ടുണ്ട്. ഈ നയം നടപ്പിലാക്കുന്നതോടെ വില്ലേജ് ഓഫീസുകൾ ഇല്ലാത്ത എല്ലാ പഞ്ചായത്തുകളിലും വില്ലേജ് ഓഫീസ് രൂപീകരിക്കാൻ കഴിയുന്നതാണ്.വിശദാംശങ്ങൾ ശേഖരിച്ചു വരുന്നു. |
| (സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ? | (സി) പ്രസ്തുത നയം നടപ്പാക്കുന്നതിന്റെ ഭാഗമായി , വില്ലേജ് ഇല്ലാത്ത പഞ്ചായത്തുകളുടെയും ഒന്നിൽ കൂടുതൽ പഞ്ചായത്തുകൾ ഉൾപ്പെടുന്ന വില്ലേജുകളുടെയും വിശദമായ വിവരങ്ങളടങ്ങിയ പ്രൊപ്പോസൽ ലാന്റ് റവന്യൂ കമ്മീഷണർ ലഭ്യമാക്കിയിട്ടുണ്ട്. അത് പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ